I/19763/2023

**പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33
Phone:0471-2737276, 2737252
Email:educationcscdd@gmail.com

No: SCDD/661/2022-C1 (EDN

Date: 15-01-2023

## അറിയിപ്പ്

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2023-24 അദ്ധ്യയന വർഷം മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ കേരളത്തിലെ വിവിധ ജില്ലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന 9 മോഡൽ റസിഡെൻഷ്യൽ സ്കൂളുകളിൽ 2023-24 അദ്ധ്യയന വർഷം 5-ാം ക്ലാസ്സിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. രക്ഷകർത്താക്കളുടെ കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയോ അതിൽ കുറവുള്ളതോ ആയ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ടി സ്കൂളുകളിലേയ്ക്ക് അഡ്മിഷനായുള്ള പ്രവേശന പരീക്ഷ നടത്തുന്നതിനുള്ള തീയതിയും പരീക്ഷാ കേന്ദ്രങ്ങളും പിന്നീട് അറിയിക്കുന്നതാണ്.

ഇതു സംബന്ധിക്കുന്ന വിശദ വിവരങ്ങളും അപേക്ഷാ ഫോറങ്ങളുടെ മാതൃകയും ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ/ബ്ലോക്ക് /മുനിസിപ്പാലിറ്റി/ കോർപറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ/ബ്ലോക്ക് /മുനിസിപ്പാലിറ്റി/കോർപറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 18.02.2023 ആണ്.

വിശ്വസ്തതയോടെ,
DIRECTOR

**Joint Director (Edn)**
Scheduled Caste Development Department
Thiruvananthapuram